പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 5693

28.03.2018 ൽ
മറുപടിക്ക്

## കെ.എ.എസ്. ലേക്ക് സ്കീം II പ്രകാരമുള്ള ബൈട്രാൻസ്ഫർ നിയമന വ്യവസ്ഥകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | കെ.എ.എസ് ലേക്ക് സ്കീം II പ്രകാരം നടത്തുന്ന ബൈട്രാൻസ്ഫർ നിയമനങ്ങൾക്കായി ഭരണഘടനാ സ്ഥാപനങ്ങളിൽ നിന്നുള്ള നോൺ ഗസറ്റഡ് ജീവനക്കാർക്ക് അപേക്ഷിക്കുവാൻ സാധിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | എ) | ഇല്ല. കെ.എ.എസ്. ലേയ്ക്കുള്ള നിയമനരീതിയും യോഗ്യതകളും കെ.എ.എസ്. ചട്ടത്തിലെ ചട്ടം 12 ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടത്തിൽ സ്കീം II, III എന്നിവയിലേയ്ക്ക് ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അപേക്ഷിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടില്ല. ആയതിനാൽ കെ.എ.എസ്. ചട്ടത്തിലെ ചട്ടം 14 (ബി) (ii)-ൽ തെറ്റായി ഉൾപ്പെടുത്തിയിരുന്ന 'Constitutional bodies' എന്ന വാക്ക് നീക്കം ചെയ്യുവാൻ തീരുമാനിക്കുകയായിരുന്നു. നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഭരണഘടനാ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുള്ളത്. |
| ബി) | വിവിധ ഓഫീസുകളിൽ ഒരേ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിതരാകുന്ന ജീവനക്കാർക്കും സമാനയോഗ്യതയുള്ള ഫീൽഡ് ഡിപ്പാർട്ടുമെന്റുകളിലെ ജീവനക്കാർക്കും ബൈട്രാൻസ്ഫർ മുഖേന കെ.എ.എസ് പരീക്ഷ എഴുതുവാൻ അവസരം ലഭിക്കുമ്പോൾ, ഭരണഘടനാ സ്ഥാപനത്തിൽ നിയമിതരായെന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം ഒരു വിഭാഗം ഉദ്യോഗസ്ഥർക്ക് അവസരം നിഷേധിക്കുന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 14, ആർട്ടിക്കിൾ 16 (1) എന്നിവയ്ക്ക് വിരുദ്ധമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) | ഇല്ല. |

| | | |
|---|---|---|
| സി) | ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഭരണ നിർവ്വഹണത്തിനുള്ള പ്രാപ്തിയും പരിചയവുമില്ലെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; | സി) ഇല്ല. |
| ഡി) | ഭരണ നിർവ്വഹണത്തിൽ മുൻപരിചയമുള്ള ഉദ്യോഗസ്ഥരെ മാത്രമാണോ കെ.എ.എസ് ലേക്ക് അപേക്ഷിക്കുന്നതിന് യോഗ്യരായി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; എങ്കിൽ കെ.എ.എസ് ലേക്ക് നേരിട്ടുള്ള നിയമനം നടത്തുന്നതിന്റെയും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രത്യേക പരിശീലനം നൽകുന്നതിന്റെയും സാംഗത്യം വിശദമാക്കുമോ; | ഡി) സർക്കാർ നയങ്ങളും പരിപാടികളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഒരു രണ്ടാംനിര മധ്യതല സംവിധാനം സൃഷ്ടിക്കുക, സർക്കാർ സർവ്വീസിലെ ഉദ്യോഗസ്ഥർക്ക് അവസരങ്ങൾ സൃഷ്ടിക്കുക വഴി അവരെ ഭരണ സംവിധാനത്തിലെ ഉയർന്ന തസ്തികകൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുക, സംസ്ഥാന സിവിൽ സർവ്വീസിൽ നിന്നും പ്രൊമോഷൻ മുഖേന IAS ലേയ്ക്ക് നിയമനം നടത്തുന്നതിനുമുള്ള ഫീഡർ കാറ്റഗറി സൃഷ്ടിക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചത്. ഉദ്ദേശ ലക്ഷ്യങ്ങൾ വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 2-ൽ വ്യക്തമാക്കിയിട്ടുണ്ട്. |
| ഇ) | യോഗ്യരായ കൂടുതൽ ആളുകൾ പരീക്ഷ എഴുതുന്നതിന് യാതൊരു മാനദണ്ഡത്തിന്റെയും അടിസ്ഥാനത്തിൽ അല്ലാതെ തടസ്സം സൃഷ്ടിക്കുന്നത് കാര്യക്ഷമത കൂടിയ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണമെന്ന കെ.എ.എസ്-ന്റെ അടിസ്ഥാനതത്വത്തിന് വിരുദ്ധമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | ഇ) വിവിധ മാനദണ്ഡങ്ങൾ പരിശോധിച്ച് ആയതിനൊടുവിൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയതിന് ശേഷം വിശേഷാൽ ചട്ടങ്ങളുടെ സാധുത സംബന്ധിച്ച് നിയമോപദേശം തേടിയതിനൊടുവിലാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾക്ക് അന്തിമമായി അംഗീകാരം നൽകിയത്. |

സെക്ഷൻ ഓഫീസർ